(സി) ആവശ്യം വരികയാണെങ്കിൽ ഇക്കാര്യം സർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

അംഗൻവാടി ജീവനക്കാരുടെ സേവന- വേതന വ്യവസ്ഥകൾ

45 (3126) ശ്രീ. ടി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിൽ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നു;

(ബി) ഇവയിൽ പണിയെടുക്കുന്ന ആകെ ജീവനക്കാരുടെ എണ്ണമെത്ര;

(സി) അംഗൻവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്;

(ഇ) അംഗൻവാടികൾ ഇല്ലാത്ത ഏതെങ്കിലും ബ്ലോക്കുകൾ സംസ്ഥാനത്തുണ്ടോ;

(എഫ്) ഓച്ചിറ ബ്ളോക്കിൽപ്പെട്ട തഴവ പഞ്ചായത്തിൽ അംഗൻവാടികൾ ഇല്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് 17367 അംഗൻവാടികൾ പ്രവർത്തിക്കുന്നു.

(ബി) 17367 വർക്കർമാരും 17367 ഹെൽപ്പർമാരും

(സി)&(ഡി) അംഗൻവാടി ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ സംബന്ധിച്ച് താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ അംഗൻവാടി ജീവനക്കാർക്ക് നൽകുന്ന ഓണറേറിയത്തിനു പുറമേ സംസ്ഥാന സർക്കാർ വിഹിതമായി 100 രൂപ വീതം രണ്ടു പ്രാവശ്യം അധിക ഓണറേറിയം അനുവദിച്ചിട്ടുണ്ട്. വീണ്ടും 100 രൂപയുടെ വർധനവുകൂടി വരുത്തുന്നതാണെന്ന് ഇപ്പോഴത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. അംഗൻവാടി വർക്കർ/ഹെൽപ്പർ എന്നിവർക്ക് പരമാവധി 3 വർഷം വരെ ഓണറേറിയം ഇല്ലാത്ത അവധി അനുവദിച്ചുകൊണ്ട് 16.7.99-ൽ ഉത്തരവായിട്ടുണ്ട്. 10 വർഷം സർവ്വീസുള്ള എസ്.എസ്.എൽ.സി പാസായ അംഗൻവാടി വർക്കർക്ക് സൂപ്പർവൈസർ തസ്തികയിലേക്ക് 25 ശതമാനം സംവരണം നൽകികൊണ്ട് 3.7.99 -ൽ ഉത്തരവായിട്ടുണ്ട്. സെലക്ഷൻ ലിസ്റ്റ് നിലവിൽ ഇല്ലാത്ത പ്രോജക്ടുകളിൽ താൽക്കാലികമായി രണ്ടുവർഷം സേവനം പൂർത്തിയാക്കിയ അംഗൻവാടി വർക്കർ/ഹെൽപ്പർ എന്നിവരെ സ്ഥിരപ്പെടുത്തുന്നതിന് 9.9.97-ൽ ഉത്തരവായിട്ടുണ്ട്.

(ഇ) അംഗൻവാടികൾ ഇല്ലാത്ത 23 ബ്ളോക്കുകൾ ഇപ്പോൾ സംസ്ഥാനത്തുണ്ട്.

(എഫ്) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly